**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1478** **15/06/2012-ൽ മറുപടിക്ക്**

**ബഡ്സ് സ്കൂളുകൾ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ. ടി.എ. അഹമ്മദ് കബീർ** | **ഡോ. എം. കെ. മുനീർ**<br>പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |
| സംസ്ഥാനത്ത് പുതിയ ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിൽ പുതിയ ഒരു ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് ഒരു ബഡ്സ് സ്കൂൾ എങ്കിലും ആരംഭിക്കണമെന്ന് സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്. അധ്യാപികമാർക്ക് ഹോണറേറിയം നൽകുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്. സ്കൂൾ ആരംഭിക്കുന്നതിനും രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനും ആവശ്യമായ സഹായം കുടുംബശ്രീയിൽ നിന്നും ലഭ്യമാകുന്നതാണ്. ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോകുന്നതിനു വേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നതിന് സംസ്ഥാന തലത്തിൽ ഒരു കൺസൽട്ടന്റിനെ കുടുംബശ്രീ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കൺസൽട്ടന്റിന്റെ സേവനം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും ഉപയോഗപ്പെടു ത്താവുന്നതാണ്.<br>കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് 2012-13 വർഷത്തിൽ ബഡ്സ് സ്കൂൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ